# ഹാരിസൺ മലയാളത്തിന്റെ ഭൂമി തിരിച്ചുപിടിക്കാനുള്ള ശുപാർശ നടപ്പായില്ല

എ.എം.പ്രീതി

76,000 ഏക്കറിലധികം ഭൂമി കൈവശം വയ്ക്കുന്ന ഹാരിസൺ മലയാളം ലിമിറ്റഡ് പാട്ട വ്യവസ്ഥ ലംഘനം നടത്തിയതിനാൽ ഭൂമി സർക്കാർ തിരിച്ചുപിടിക്കണമെന്നുള്ള ഉന്നതലസമിതി ശുപാർശ ഒരു വർഷമായിട്ടും നടപ്പിലായില്ല.

വിവിധ ജില്ലകളിലായി ഹാരിസൺ മലയാളത്തിന്റെ ഭൂമിയെക്കുറിച്ച് അന്വേഷിച്ച റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി നിവേദിത പി. ഹരൻ സമർപ്പിച്ച റിപ്പോർട്ടിനാണ് ഈ അവസ്ഥ.

വിവരാവകാശ നിയമപ്രകാരം റിപ്പോർട്ടിന്റെ പകർപ്പ് ചോദിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയിലാമെന്നും പറഞ്ഞ് ഒരു കൊല്ലത്തോളം അത് നൽകിയില്ല.

സമിതിയുടെ കണ്ടെത്തലും ശുപാർശകളും ഏറെ പ്രാധാന്യമുള്ളതാണ്. ഹാരിസണിന്റെ പക്കൽ അവകാശപ്പെടുന്നതിനേക്കാൾ വളരെയേറെ ഭൂമിയുണ്ട്. ഇത് അളന്ന് തിട്ടപ്പെടുത്തണം. പാട്ട വ്യവസ്ഥ ലംഘിച്ച് 12,000 ഏക്കറിലധികം ഭൂമി വിറ്റിട്ടുണ്ട്. വനേതര ആവശ്യത്തിനുപയോഗിച്ചിട്ടുണ്ട്. വ്യവസ്ഥാലംഘനം നടന്ന ഭൂമി തിരിച്ചെടുക്കണം.

കേസ് നടത്തിപ്പിൽ അകാരണമായ കാലതാമസമുണ്ട്. ഇതിൽ ഉദ്യോഗസ്ഥർ അറിഞ്ഞോ അറിയാതെയോ പങ്കാളികളാണെന്നുവേണം കരുതാനെന്നും റിപ്പോർട്ട് പറയുന്നു.

ഭൂരിഷ്കരണ നിയമം നിലവിൽ വന്ന് 44 കൊല്ലം കഴിഞ്ഞിട്ടും ഇവരുടെ മിച്ചഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് നല്കാനാവാത്തതിനെയും റിപ്പോർട്ടിൽ നിശിതമായി വിമർശിക്കുന്നു. ഇക്കാലമത്രയും കക്ഷികൾ അധിക ഭൂമി കൈവശം ചെയ്യുകയുമാണ്. മിച്ചഭൂമി പിടിച്ചെടുത്ത് വിതരണം ചെയ്യാത്തതിനാൽ ഭൂരഹിതർ വലയുകയും ചെയ്യുന്നു. ഫലത്തിൽ നിയമം കടലാസിലൊതുങ്ങുകയാണെന്നും സമിതി ചൂണ്ടിക്കാട്ടുന്നു.

സംസ്ഥാനത്തെ ഏറ്റവും വലിയ ഭൂവുടമയെന്ന് കരുതാവുന്ന ഹാരിസൺ മലയാളം റിട്ടേണുകളിൽ കാണിക്കുന്ന ഭൂമിയേക്കാൾ വളരെയധികം ഭൂമി കൈവശം വച്ചിട്ടുണ്ടെന്ന് ഉന്നതതലസമിതിക്കു മുമ്പാകെ എത്തിയ രേഖകൾ വ്യക്തമാക്കുന്നു. 76,768.80 ഏക്കർ ഭൂമിയെങ്കിലും വിവിധ ജില്ലകളിലായി അവരുടെ കൈവശമുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് വിവിധ രജിസ്ട്രേഷൻ ഓഫീസുകളിലെ രേഖകൾ പൂർണമായി പരിശോധിച്ച് അവരാകെ കൈവശം വച്ച ഭൂമി എത്രയെന്ന് തിട്ടപ്പെടുത്തണമെന്നാണ് ശുപാർശ.

ഹാരിസൺ മലയാളത്തിന്റെ ഭൂമി സംബന്ധിച്ച് സുപ്രീംകോടതിയിലെ ഹർജിയിൽ സ്റ്റേ ഉണ്ടെന്ന് തെറ്റിദ്ധാരണ പരത്തി അതിന്റെ പേരിൽ, താലൂക്ക് ലാൻഡ് ബോർഡിലെ കേസ് വർഷങ്ങളോളം അനക്കമറ്റുകിടന്നു. ഉദ്യോഗസ്ഥരെല്ലാം അറിഞ്ഞോ അതറിയാതെയോ ഈ 'ധാരണയിലമർന്നു എന്നാണ് സമിതിയുടെ വിലയിരുത്തൽ.

ഭൂപരിധി സംബന്ധിച്ച കേസുകൾ വിവിധ കോടതികളിൽ അകാരണമായി വെച്ചു താമസിപ്പിക്കപ്പെടുകയാണ്. പല കേസിലും രേഖകൾ കാണാനില്ലന്നാണ് കോടതിയെ അറിയിച്ചിട്ടുള്ളത്. കേസുകൾ വൈകിപ്പിക്കലും, ഭൂമി കൈമാറ്റവുമൊക്കെ ഉദ്യോഗസ്ഥരുടെ പങ്കാളിത്തമില്ലാതെ നടക്കുമെന്ന് കരുതാനാവില്ല. കൊല്ലം ജില്ലയിലെ ഒരു കൈമാറ്റത്തിൽ ജില്ലാ കളക്ടറുടെ നിലപാടിനെ സർക്കാർ ചോദ്യം ചെയ്തിരുന്നു.


1970 ജനുവരി ഒന്നിനുശേഷം ഭൂപരിഷ്കരണ നിയമം ലംഘിച്ച് 12,658.16 ഏക്കർ ഭൂമി ഹാരിസൺ മലയാളം വിറ്റിട്ടുണ്ട്. നിയമവിരുദ്ധമായ ഇത്തരം വില്പനകളെല്ലാം നടപടിക്രമം പാലിച്ച് റദ്ദാക്കണം. വസ്തു കൈമാറ്റം ചെയ്യാൻ ഹാരിസൺ മലാളത്തിന് അധികാരമുണ്ടോ എന്ന കാര്യം പരിശോധിക്കുകപോലും ചെയ്യാതെയാണ് കൈമാറ്റങ്ങൾ നടന്നത്.

ഹാരിസൺ മലയാളത്തിന്റെ കൈവശമുള്ളതിൽ 1400 ഹെക്ടർ വനഭൂമിയാണെന്ന് വനം ട്രൈബ്യൂണലിന്റെ കണ്ടെത്തലുമുണ്ട്. ഇവയെ ഹാരിസൺ മലയാളം കോടതികളിൽ ചോദ്യം ചെയ്തിരിക്കയാണ്.

65,767.75 ഏക്കർ ഭൂമിയാണ് പാട്ടവ്യവസ്ഥയിൽ ഹാരിസൺ മലയാളം കൈവശം വയ്ക്കുന്നത്. തൃശൂർ വനഭൂമി വനേതര ആവശ്യത്തിന് മറുപാട്ടം നല്കുകവരെ ചെയ്തു. ഇവയെല്ലാം സർക്കാർ തിരിച്ചുപിടിക്കണം. തിരിച്ചുപിടിക്കുന്നത് തോട്ടമാണെങ്കിൽ അത് നടത്താൻ സംവിധാനമൊരുക്കണം. തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമാകുന്നില്ലെന്ന് ഉറപ്പു വരുത്തണം.

ഹാരിസൺ മലയാളവും, അവരുടെ മുൻഗാമികളും സർക്കാർ ഭമി കൈയേറിയിട്ടുണ്ടെന്ന് 1909 - ലെ രേഖകളിൽപോലും കാണാം. നൂറു കൊല്ലം മുമ്പ് ഇതാണവസ്ഥയെങ്കിൽ കൈയേറ്റം നടന്നെന്നു കരുതുന്നതിൽ തെറ്റില്ല. ഇക്കാര്യം പരിശോധിച്ച് ഉറപ്പു വരുത്തണമെന്നും റിപ്പോർട്ട് പറയുന്നു.

(മാതൃഭൂമി പത്രം - 2009 ഏപ്രിൽ 23)




**നന്ദിഗ്രാമുകൾ ഉണ്ടാകുന്നത്**
എഡിറ്റർ : പി.കെ. ശിവദാസ്
ഡിസി ബുക്സ്, കോട്ടയം
വില : 60 രൂപ
പേജ് : 160

'നന്ദിഗ്രാമുകൾ' ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന്, പ്രത്യേക സാമ്പത്തിക മേഖല (SEZ)കൾ സൃഷ്ടിക്കുന്ന സാമൂഹ്യ-രാഷ്ട്രീയ പ്രത്യാഘാതങ്ങളെ വിശകലനം ചെയ്യുന്ന ഈ പുസ്തകം പറഞ്ഞുവെക്കുന്നു.

ആഗോളവത്ക്കരണം കൊണ്ടുവരുന്ന ഉദാര സാമ്പത്തിക നയങ്ങളുടെ ഭാഗമായി രൂപപ്പെട്ടുവരുന്ന പ്രത്യേക സാമ്പത്തിക മേഖലകൾ ജനങ്ങളെ പ്രത്യേകിച്ച് സമൂഹത്തിന്റെ അടിസ്ഥാന വിഭാഗങ്ങളായ കർഷകരെ എങ്ങിനെ ബാധിക്കുന്നുവെന്നും, തങ്ങളുടെ കൃഷിഭൂമി സംരക്ഷിക്കാനുള്ള പ്രതിരോധങ്ങളെ ഭരണകൂടങ്ങൾ എങ്ങിനെ നേരിടുന്നുവെന്നും ഇന്ന് നമുക്ക് കാണിച്ചുതരുന്നത് 'നന്ദിഗ്രാം' ആണ്. അങ്ങിനെ ഭരണകൂടത്തിന്റെയും, നിയമവ്യവസ്ഥയുടെയും യാതൊരു നിയന്ത്രണങ്ങളുമില്ലാത്ത പുത്തൻ നാട്ടുരാജ്യങ്ങളായി മാറിക്കൊണ്ടിരിക്കുന്ന പ്രത്യേക സാമ്പത്തിക മേഖലകൾക്കെതിരെയുള്ള പോരാട്ടത്തിന്റെ 'ഊർജ്ജ'മായിമാറുന്നു 'നന്ദിഗ്രാം'

പാർലമെന്റ് തിരഞ്ഞെടുപ്പിൽ ബംഗാളിൽ സി.പി.എമ്മിന് ഏറ്റ കനത്ത പരാജയത്തിന് കാരണം നന്ദിഗ്രാമിന്റെ പ്രത്യാഘാതമാണ്. അവഗണിക്കപ്പെടുന്ന വിഭാഗങ്ങളുടെ തിരിച്ചടിയായി ഇതിനെ വിലയിരുത്താം. നന്ദിഗ്രാം പോലുള്ള പ്രശ്നങ്ങളിൽ സമൂഹത്തിന്റെ വ്യത്യസ്ത തലത്തിലുള്ള ചിന്തകരുടെയും സാമൂഹ്യപ്രവർത്തകരുടെയും അക്കാദമിസ്റ്റുകളുടെയും അഭിപ്രായങ്ങൾ അവതരിപ്പിക്കുന്നു എന്നതാണ് 'നന്ദിഗ്രാമുകൾ ഉണ്ടാകുന്നത്' എന്ന ഈ പുസ്തകത്തിന്റെ പ്രത്യേകത.

എം.പി. പരമേശ്വരൻ, മേധാപട്കർ, അരുന്ധതി റോയ്, അശോക് മിത്ര, പ്രഭാത് പട്നായിക്, കവിതാ കൃഷ്ണൻ തുടങ്ങിയവർ നന്ദിഗ്രാം സംഭവത്തെ വ്യത്യസ്ത തലങ്ങളിൽ അവതരിപ്പിക്കുകയും ചെറുത്തുനിൽപ്പുകളുടെ പ്രാധാന്യത്തിൽ ഊന്നുകയും ചെയ്യുന്നു. നോംചോംസ്കിയുടെയും കൂട്ടരുടെയും നന്ദിഗ്രാമിനോടുള്ള പ്രസ്താവനയും അതിനോട് ഇന്ത്യയിലെ എഴുത്തുകാരുടെയും ബുദ്ധിജീവികളുടെയും പ്രതികരണവും ഇതിൽ ചേർത്തത് വായനക്കാരന് ഒരു നിലപാടിലെത്താൻ സഹായിക്കുന്നു.

വികസനത്തിനുവേണ്ടി ഏതു ചെകുത്താനുമായും കൂട്ടുകൂടാം, ആരെവേണമെങ്കിലും എവിടെനിന്നും ആട്ടിയോടിക്കാം എന്ന അഹന്തയോടെ പെരുമാറുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും അവർ നയിക്കുന്ന ഭരണകൂടങ്ങൾക്കും ഒരു പ്രഹനമാണ് നന്ദിഗ്രാം എന്ന് നമ്മെ ഈ പുസ്തകം ഓർമ്മപ്പെടുത്തുന്നു. വികസനത്താൽ പാർശ്വവത്ക്കരിക്കപ്പെട്ടവരോട് ഐക്യപ്പെടാനുള്ള ഒരു സന്ദേശം കൂടി ഈ പുസ്തകം കൈമാറുന്നുണ്ട്.

---




**എഴുപതുകൾ വിളിച്ചപ്പോൾ**
സിവിക് ചന്ദ്രൻ
ഫേബിയൻ ബുക്സ്, മാവേലിക്കര
വില : 65 രൂപ
പേജ് : 108

"മുപ്പതുകളിലെ കോൺഗ്രസ്സുകാരെപ്പോലെ, നാല്പതുകളിലെ സോഷ്യലിസ്റ്റുകളെപ്പോലെ, അൻപതുകളിലെ കമ്മ്യൂണിസ്റ്റുകാരെപോലെ എഴുപതുകളിൽ ഞങ്ങളും വന്നു...അതേ സാഹസികതയോടെ, അതേ സ്വപ്നങ്ങളോടെ, അതേ സർഗ്ഗാത്മകമായ ഉശ്ശിരോടെ.." 'എഴുപതുകളെ വിമോചനത്തിന്റെ ദശകമാക്കുക' എന്ന മുദ്രാവാക്യം ആസന്നമായ രാഷ്ട്രീയ ദൗത്യമെന്നതിലുപരി ഒരു സാംസ്കാരിക വിപ്ലവത്തിന്റെ സംഗമശക്തിയാക്കുന്നതിനാണ് സിവിക്കും കൂട്ടരും ശ്രമിച്ചത്.

ലോഹ്യ സോഷ്യലിസ്റ്റുകളുമായും ഗാന്ധിയൻമാരുമായും പരിസ്ഥിതി-മനുഷ്യാവകാശ പ്രവർത്തകരുമായും സംവാദത്തിന് മുതിരാനും ആ സംവാദത്തിനു മുതിരാനും ആ സംവാദത്തെ 'വിപ്ലവത്തിനു മുൻപുള്ള വിശാല മുന്നണിയുടെ പ്രായോഗിക തന്ത്രം' മാത്രമായി ചുരുക്കാതെ ആത്മാർത്ഥവും പ്രത്യാശാ നിർഭരവുമായ ഒരു രാഷ്ട്രീയ പ്രവർത്തനമായി വികസിപ്പിക്കാനും എൺപതുകളുടെ തുടക്കത്തിൽ സാധ്യമാവുന്നത് ജനാധിപത്യത്തെ കുറിച്ചുള്ള വേറിട്ട ചിന്തകളുടെ പ്രസക്തി തിരിച്ചറിയുന്നതിലൂടെയാണ്. ആ പരിണാമത്തിന്റെ പക്ഷത്ത് ശാരീരികമായും ബൗദ്ധികമായും സമര സന്നദ്ധനായി സിവിക് ചന്ദ്രൻ നിലകൊണ്ടു. കേരളത്തിലെ സിവിൽ സാമൂഹികാധിഷ്ഠിതമായ രാഷ്ട്രീയത്തെ ചലനാത്മകമാക്കിയ രാഷ്ട്രീയ സംഗമത്തിന്റെ അമരത്ത് പഴയ നക്സലൈറ്റുകൾ കടന്നുവന്നത്, പരിസ്ഥിതി-മനുഷ്യാവകാശ-ദളിത്-സ്ത്രീവാദ സമരങ്ങൾക്ക് അളവറ്റ ഊർജ്ജമാണ് പകർന്നുനൽകിയത്. ഇതാ ഞങ്ങളുടെ മാർക്സിസം കൊണ്ട് നിങ്ങളുടെ സമരങ്ങളെ ശാസ്ത്രീയമാക്കു എന്ന അഹന്താനിർഭരമായ സ്റ്റാലിനിസ്റ്റ് ധൃതരാഷ്ട്രാലിംഗനമായിരുന്നില്ല അത്. സംവാദങ്ങളുടെ തുറസ്സിൽ സമവായങ്ങളും വ്യത്യസ്തതകളും തേടുന്ന നവരാഷ്ട്രീയമായിരുന്നു.

*(ഡോ. ടി.ടി. ശ്രീകുമാർ പുസ്തകത്തിനെഴുതിയ അവതാരികയിൽനിന്നും)*